പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 7576

17.07.2012 ൽ മറുപടിയ്ക്ക്

## വിധവകളുടെ പെൺമക്കൾക്ക് നൽകുന്ന ധനസഹായം

**ചോദ്യം**

**ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

**ഉത്തരം**

**ഡോ. എം.കെ. മുനീർ**

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ | വിധവകളുടെ പെൺമക്കൾക്ക് വിദ്യാഭ്യാസത്തിനും വിവാഹത്തിനും എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നത്; വിശദമാക്കാമോ ; | എ | വനിതകൾ ഗൃഹനാഥകളായവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. പത്താം ക്ലാസ് മുതൽ +2 വരെ 2500 രൂപയും ഡിഗ്രി മുതലുള്ള ക്ലാസ്സുകൾക്ക് 5000 രൂപയും വർഷത്തിൽ ധനസഹായം നൽകി വരുന്നു. വിധവകളുടെ പെൺമക്കൾക്ക് 10,000 രൂപ വിവാഹ ധനസഹായം നൽകുന്നു. |
| ബി | ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ; | ബി | ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി | പ്രസ്തുത ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ? | സി | വിദ്യാഭ്യാസ ധനസഹായത്തിനുള്ള മാനദണ്ഡങ്ങൾ ഇവയാണ്.<br>1. ദാരിദ്ര്യരേഖയ്ക്കു താഴെ വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾ<br>2.എച്ച്.ഐ.വി./എയ്ഡസ് ബാധിതർ, സാമൂഹികമായി വിവേചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവകൾ<br>3. ധനസഹായം ഒരു കുടുംബത്തിൽ പരമാവധി രണ്ടു കുട്ടികൾക്ക്<br>4. അപേക്ഷകർ സംസ്ഥാന/കേന്ദ്ര സർക്കാരിൽ നിന്നും ഒരു വിധത്തിലുള്ള സ്കോളർഷിപ്പും ലഭിക്കാത്തവരായിരിക്കണം. |

| | | | |
|---|---|---|---|
| | | | വിവാഹ ധനസഹായത്തിനുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നു.<br><br>അപേക്ഷകയായ വിധവയുടെയും കുടുംബത്തിന്റെയും എല്ലാ ഇനത്തിലുമുള്ള കുടുംബ വാർഷിക വരുമാന പരിധി ഗ്രാമ പ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയായും നഗര പ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്. വിവാഹം ചെയ്ത് അയയ്ക്കാൻ ഉദ്ദേശിക്കുന്ന പെൺകുട്ടിയ്ക്ക് വിവാഹ ദിവസം 18 വയസ് പൂർത്തായായിരിക്കണം. കുടുംബ വീതമോ മാതാവിന്റെയോ പിതാവിന്റെയോ ഇഷ്ടദാനമോ ആയി പെൺകുട്ടിയുടെ പേരിൽ ഉള്ളത് വസ്തു, ആഭരണം, ധനം ഉൾപ്പെടെ 6,000/- രൂപയിൽ കവിയാത്തതാണെങ്കിൽ ആ കുട്ടിയുടെ വിവാഹത്തിന് സഹായ ധനം നൽകാവുന്നതാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - സാമൂഹ്യസുരക്ഷാ പെൻഷനുകൾ - അർഹതയ്ക്കുള്ള വാർഷിക വരുമാന പരിധി ഉയർത്തി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യക്ഷേമ (സി) വകുപ്പ്**

സ.ഉ.(എം.എസ്)നം.21/2010/സാക്ഷേവ. തിരുവനന്തപുരം, തീയതി. 17/3/2010

---

പരാമർശം:- 1) 22.10.1996ലെ സ.ഉ(എം.എസ്)നം.34/96/സാക്ഷേവ ഉത്തരവ്.

2) 31.3.2001ലെ സ.ഉ(എം.എസ്) നം.14/01/സാക്ഷേവ ഉത്തരവ്.

3) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 3.11.2008ലെ F3-41926/08 നം. കത്ത്.

**ഉത്തരവ്**

അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കും നൽകിവരുന്ന പെൻഷൻ ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 6000/-രൂപയായും വ്യക്തിഗത പ്രതിമാസ വരുമാന പരിധി 250 രൂപയായും വിധവാ(അഗതി)പെൻഷൻ ലഭിക്കുന്നതിനുള്ള കുടുംബ വരുമാന പരിധി പ്രതിമാസം 300/- രൂപയായും 50 വയസ്സിൽ കൂടുതൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ലഭിക്കാനുള്ള വാർഷിക വരുമാന പരിധി 6000/-രൂപയായും പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിരുന്നു. പ്രസ്തുത വരുമാന പരിധി വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ചതാകയാൽ കാലോചിതമായി ഇവ ഉയർത്തണമെന്ന് ആവശ്യമുയർന്നിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കും നൽകിവരുന്ന പെൻഷൻ, വിധവാ(അഗതി)പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്ക് നൽകിവരുന്ന പെൻഷൻ എന്നീ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- (ഇരുപതിനായിരം രൂപ) രൂപയായും നഗര

[illegible]

[illegible]

ഗവർണറുടെ ഉത്തരവിൻപ്രകാരം

[illegible],
അഡീഷണൽ സെക്രട്ടറി

ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം. (ഇത് ധനകാര്യ വകുപ്പിൻെറ അംഗീകാരത്തോടെ പുറപ്പെടുവിക്കുന്നു)
ധനകാര്യ വകുപ്പ് ( 16.3.2010ലെ 90643/ WW2/10/SWD നമ്പർ കുറിപ്പ് പ്രകാരം)
സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണവകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗര വികസന വകുപ്പ് ഡയറക്ടർ.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
പകർപ്പ്:- ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

047508

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി -ധനസഹായ തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യക്ഷേമ (സി) വകുപ്പ്

സ.ഉ.(എം.എസ്)നം.50/2008/സാക്ഷേവ തിരുവനന്തപുരം, തിയതി:4/9/2008.

പരാമർശം: 1) 19/6/1978ലെ ജി.ഒ(പി)151/78/ത.സ.ക്ഷേ.വ നമ്പർ ഉത്തരവ്.
2) ജി.ഒ(എം.എസ്)22/2002/സാക്ഷേവ തീയതി.29/8/2002.
3) 22/10/2007ലെ ലാൻറ് റവന്യൂ കമ്മീഷണറുടെ എഫ്.ബി.(എ)4-39117/07/എൽ.ഡിസ് നമ്പർ കത്ത്.

ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവു പ്രകാരം സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയുടെ നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഇപ്പോൾ 5000 രൂപയാണ് സഹായധനമായി അനുവദിച്ചുവരുന്നത്. ഈ തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി നൽകിവന്നിരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിച്ചു അതനുസരിച്ച് ടി ധനസഹായ തുക 5,000/-രൂപയിൽ നിന്നും 10,000/-(പതിനായിരം രൂപ)രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ധനസഹായം വിതരണം ചെയ്യുമ്പോൾ താഴെപറയുന്ന അർഹതാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. അപേക്ഷകയായ വിധവയുടെയും കുടുംബത്തിൻേറയും എല്ലാ ഇനത്തിലും കൂടിയുള്ള മൊത്ത വരുമാനം 10,000/-രൂപയിൽ കൂടാൻ പാടില്ല.
2. വിവാഹം ചെയ്ത് അയയ്ക്കാൻ ഉദ്ദേശിക്കുന്ന പെൺകുട്ടിയ്ക്ക് വിവാഹദിവസം 18 വയസ്സ് പൂർത്തിയായിരിക്കണം.
3. കുടുംബ വീതമോ മാതാവിൻെറയോ, പിതാവിൻേറയോ, ഇഷ്ടദാനമോ ആയി പെൺകുട്ടിയുടെ പേരിൽ ഉള്ളത് വസ്തു, ആഭരണം, ധനം ഉൾപ്പെടെ 6,000 രൂപയിൽ കവിയാത്തതാണെങ്കിൽ ആ കുട്ടിയുടെ വിവാഹത്തിന് സഹായധനം നൽകാവുന്നതാണ്.

നിബന്ധനകൾ അനുസരിച്ചുള്ള സഹായധനം ഒരിക്കൽ ലഭിച്ചു കഴിഞ്ഞതിനുശേഷം ഏതെങ്കിലും കാരണവശാൽ രണ്ടാമതൊരു വിവാഹം അതേ പെൺകുട്ടിക്ക് കഴിക്കേണ്ടി വരികയാണെങ്കിൽ അത്തരത്തിലുള്ള രണ്ടാം വിവാഹത്തിനു സഹായധനം നൽകുന്നതല്ല.

5. അപേക്ഷകയായ വിധവ പെൺമക്കളുടെ വിവാഹത്തിനു മുൻപേ മരിച്ചു പോവുകയാണെങ്കിൽ ആ കുടുംബത്തിലെ മൂത്ത അംഗത്തിനോ വിവാഹം നടത്തിക്കേണ്ട ചുമതലയുള്ള കുടുംബത്തിലെ മറ്റ് ഏതെങ്കിലും അംഗത്തിനോ പ്രസ്തുത ധനസഹായം തക്കതായ ഈടിനുമേൽ നൽകാവുന്നതാണ്. കുടുംബത്തിൽ മറ്റംഗങ്ങൾ ആരും തന്നെ ഇല്ലാത്ത പക്ഷം വിവാഹം നടത്തിക്കൊടുക്കുന്നതിന് മുൻപോട്ട് വരുന്നവർക്ക് തക്കതായ ഈടിന്മേൽ സഹായധനം നൽകാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

എൻ.സുകുമാരൻ,
അഡീഷണൽ സെക്രട്ടറി.

ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം.(ഈ ഉത്തരവ് ധനകാര്യ വകുപ്പിൻെറ അംഗീകാരത്തോടെ പുറപ്പെടുവിക്കുന്നു)
പഞ്ചായത്ത്/മുനിസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണവകുപ്പ്.
ധനകാര്യ വകുപ്പ്(50449/ww2/08/ധന തീയതി.18/7/2008)
പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.(വിപുലമായ പ്രസിദ്ധീകരണത്തിന്)

പകർപ്പ്:- മുഖ്യമന്ത്രിയുടെ പി.എസിന്
സാമൂഹ്യക്ഷേമവകുപ്പ് മന്ത്രിയുടെ പി.എസിന്
സാമൂഹ്യക്ഷേമവകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്.
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

നെഴുത്ത് നം: 47508/08/N F
കളക്ടറേറ്റ്, കൊല്ലം
തീയതി: 18.9.2008

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പകർപ്പ്. എല്ലാ തഹസിൽദാർമാർക്കും, പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ, കൊല്ലത്തിനും, എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും, എല്ലാ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും അറിവിലേക്ക്
എൻ5- സെക്ഷൻ കരുതൽ ഫയലിലേക്ക്
ഫിനാൻസ് ഓഫീസർക്ക്- അറിവിലേക്ക്

(ഒപ്പ്)
ജില്ലാകളക്ടർക്കുവേണ്ടി

(ഒപ്പ്)
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സ.ഉ(സാധാ) നം. 04/2010/സാക്ഷേവ　　　　തീയതി, തിരുവനന്തപുരം, 04/01/2010.

---

പരാമർശം: 1) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 20.10.2009-ലെ എഫ്.3-47942/09 നമ്പർ കത്ത്.
2) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 05.12.2009-ലെ എഫ്.3-47942/09 നമ്പർ കത്ത്.
3) 11.11.2009-ലെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.

**ഉത്തരവ്**

വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് അർഹമായ വിദ്യാഭ്യാസം നൽകി അവർക്ക് സ്വയം പര്യാപ്തത നേടുവാനും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തുവാനും ഉതകുന്ന തരത്തിൽ തയ്യാറാക്കിയ ഒരു പദ്ധതി നടപ്പിലാക്കുന്നതിനും ആയതിലേക്കായി 18 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1)-ലെ കത്ത് പ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. 11.11.2009ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശം പരിശോധിക്കുകയും അദ്ദേഹം പരാമർശം (2) പ്രകാരം സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുകയും ചെയ്തു. പുതുക്കിയ പ്രൊപ്പോസൽ പ്രകാരം 42 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് അർഹമായ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനായി 42 ലക്ഷം രൂപ (നാല്പത്തിരണ്ട് ലക്ഷം രൂപ) നടപ്പ് സാമ്പത്തിക വർഷത്തിൽ 2235-02-103-92 (പ്ലാൻ) ശീർഷകത്തിൽ നിന്നും ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

1) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (ബിപിഎൽ) വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രസ്തുത ധനസഹായം നൽകാവുന്നതാണ്.

2) ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള വിഭാഗത്തിൽ (എപിഎൽ) എച്ച് ഐ വി /എയ്ഡ്സ് ബാധിതർ, സാമൂഹികമായി വിവേചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവകൾ തുടങ്ങിയ കുടുംബങ്ങളിലെ കുട്ടികൾക്കും പ്രസ്തുത ധനസഹായം നൽകാവുന്നതാണ്.

ഒരു കുടുംബത്തിൽ പരമാവധി 2 കുട്ടികൾക്കുവരെ പ്രസ്തുത [illegible] നൽകാവുന്നതാണ്.

4) അപേക്ഷകൾ അംഗൻവാടി വർക്കർമാർ വഴി സിഡിപിഒ മാർ ശേഖരിച്ച് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് നൽകേണ്ടതാണ്.

5) സംസ്ഥാന/കേന്ദ്ര സർക്കാരിൽ നിന്നും ഒരു വിധത്തിലുള്ള സ്കോളർഷിപ്പും ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം വിദ്യഭ്യാസ സ്ഥാപന മേധാവിയിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

6) എസ്.എസ്.എൽ.സി. മുതൽ പ്ലസ് ടു വരെ പഠിക്കുന്ന ഓരോ കുട്ടിക്കും പ്രതിമാസം 250 രൂപ വീതം 10 മാസത്തേയ്ക്ക് 2500/- രൂപ പ്രകാരം 560 പേർക്കും ഡിഗ്രി മുതലുള്ള തുടർ വിദ്യാഭ്യാസത്തിന് പ്രതിമാസം 500 രൂപ പ്രകാരം 10 മാസത്തേയ്ക്ക് 5000/- രൂപ 560 പേർക്കും ധനസഹായമായി നൽകാവുന്നതാണ്.

7) കഴിഞ്ഞവർഷം സഹായം ലഭിച്ചവർക്ക് തുടർന്നും അർഹതയുണ്ടെങ്കിൽ, ലഭിക്കുന്നതാണ്.

8) 2008-09 മുതൽ സഹായം ലഭിച്ച ഗൃഹനാഥകളുടേയും, കുട്ടികളുടേയും പേരുവിവരങ്ങൾ സാമൂഹ്യക്ഷേമ ഡയറക്ടർ ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ നല്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ. ഉഷാ ടൈറ്റസ്,**
സെക്രട്ടറി.

സാമൂഹ്യ ക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി
പകർപ്പ്: ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസിന്
സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
സാമൂഹ്യക്ഷേമ (എ/സി) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ